കേരള സർക്കാർ

# പിറവം നഗരസഭ
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ-0484-2422271
email : doekm.ksad@kerala.gov.in
തീയതി : 6.2.2017

നം.കെ.എസ്.എ-ഇകെഎം (എം.1) 55/2017
.

ജോയിന്റ് ഡയറക്ടർ

ചെയർമാൻ / സെക്രട്ടറി
പിറവം മുനിസിപ്പാലിറ്റി

.
സർ,

വിഷയം : പിറവം നഗരസഭ- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നു.

.

*********************************

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 295 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം നഗരസഭ 2015-16 സാമ്പത്തിക വർഷത്ത ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. {1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15}. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം
6.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇകെഎം (എം1-55/2017)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ-0484-2422271
email : doekm.ksad@kerala.gov.in
തീയതി : 06.02.2017

## എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പിറവം പഞ്ചായത്ത് 31.10.2015 വരെ പഞ്ചായത്തും 1.11.2015 മുതൽ നഗരസഭയായി തീരുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത്/നഗരസഭ 1.04.2015 മുതൽ 31.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2017 മുതൽ 12.01.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.ടി.ഐ.അബ്ദുൾ സലാം | ഓഡിറ്റ് ഓഫീസർ |
| കുമാരി സാലി ജോസഫ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജോമോൾ ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനീഷ് ആർ | ഓഡിറ്റർ |
| ശ്രീ.ജോസ് ഫിജോയ് വി. ജെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സാബു കെ. ജേക്കബ് | 01.04.2015 മുതൽ 30.09.2015 വരെ |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | - | 01.10.2015 മുതൽ 17.11.2015 വരെ |
| ചെയർമാൻ | ശ്രീ.സാബു കെ. ജേക്കബ് | 18.11.2015 മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.അന്നമ്മ ഡോമി | 01.04.2015 മുതൽ 30.09.2015 വരെ |

| | | |
|---|---|---|
| വൈസ് ചെയർപേഴ്സൺ | ശ്രീമതി.ആയിഷാ മാധവൻ | 18.11.2015 മുതൽ 31.03.2016 വരെ |
| ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി.ബിന്ദു ബാബു | 01.04.2015 മുതൽ 30.09.2015 വരെ |
| | ശ്രീ.അരുൺ കല്ലറക്കൽ | 18.11.2015 മുതൽ 31.03.2016 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി.സാലി കുര്യോക്കോസ് | 01.04.2015 മുതൽ 30.09.2015 വരെ |
| | ശ്രീമതി.അന്നമ്മ ഡോമി | 18.11.2015 മുതൽ 31.03.2016 വരെ |
| വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ.കെ.എൻ.ചന്ദ്രശേഖർ | 01.04.2015 മുതൽ 30.09.2015 വരെ |
| | ശ്രീ.മെബിൻ ബേബി | 18.11.2015 മുതൽ 31.03.2016 വരെ |
| വിദ്യഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ.ജിൽസ് പെരിയപ്പുറം | 18.11.2015 മുതൽ 31.03.2016 വരെ |
| പൊതുമരാമത്ത് കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി. സിജി സുകുമാരൻ | 18.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് | ശ്രീ.പി.ആർ മോഹൻ കുമാർ | 01.04.2015 മുതൽ 31.07.2015 വരെയും , 01.11.2015 മുതൽ 31.03.2016 വരെയും |
| സെക്രട്ടറി | ശ്രീമതി.നെജ്ജംലുനിസ | 01.08.2015 മുതൽ 31.10.2015 വരെ |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.ആർ മോഹൻ കുമാർ | 01.04.2015 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പി.പി സാനകുട്ടൻ | 01.04.2015 മുതൽ 31.12.2015വരെ |
| | ശ്രീ. മാർട്ടിൻ ആന്റണി | 01.01.2016 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ , ഗവ.എൽ.പി.സ്കൂൾ | ശ്രീ.സിറിയക് ജോൺ | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജോയ് നെടുങ്ങേലിൽ | 01.04.2015 മുതൽ 31.03.2016വരെ |
| സീനിയർ വെറ്റിനറി സർജ്ജൻ | ഡോ.എ ഗോപകുമാർ | 01.04.2015 മുതൽ 31.03.2016വരെ |

| | | |
|---|---|---|
| വെറ്റിനറി സർജ്ജൻ , മുളക്കുളം | ഡോ.സിന്ധു ബാലൻ | 01.04.2015 മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.ഗായത്രി എസ് | 01.04.2015 മുതൽ 27.12.2015വരെ |
| | ശ്രീമതി. അഞ്ജു കൃഷ്ണ | 28.12.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പ്രിയദർശിനി പി. | 01.04.2015 മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജെയിംസ് ജോസഫ് | 01.04.2015 മുതൽ 31.03.2016വരെ |
| വി.ഇ.ഒ , കളമ്പൂർ | ശ്രീമതി.ലിൻഡ ഡിക്രൂസ് | 01.04.2015 മുതൽ 31.10.2015വരെ |
| വി.ഇ.ഒ , കക്കാട് | ശ്രീ.രാജേഷ് കുമാർ ഇ.പി. | 01.04.2015 മുതൽ 31.10.2015വരെ |
| വി.ഇ.ഒ പിറവം | ശ്രീമതി.നിഷ പി.എം | 01.04.2015 മുതൽ 31.3.2016 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി പിറവം | ഡോ.സുനിൽ ജെ. ഇളംതട്ട് | 01.04.2015മുതൽ 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | പിറവം ഗ്രാമപഞ്ചായത്ത് -സിവിൽ സപ്ലൈസ് കോർപ്പറേഷൻ -സബർബൻ മാൾ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ (ഫയൽ നം.A3/1284/13) | 2-1 |

| | | |
|---|---|---|
| 13 | മണൽ വിപണനം | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 15 | ജീവനക്കാരുടെയും , സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | 2-4 |
| 16 | സബർബൻ മാളിന്റെ വസ്തുനികുതി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം- നഗരസഭയുടെ തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്നു | 2-5 |
| 17 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-6 |
| | ഭാഗം – 3 | |
| 18 | മരാമത്ത് പണികൾ-പൂർത്തീകരണകാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല | 3-1 |
| 29 | വിനയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-2 |
| 20 | സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ചു | 3-3 |
| 21 | സ്വാതന്ത്ര്യദിനാഘോഷവും അവാർഡ്ദാനവും(എസ്0095/16)-ചെലവുരേഖകൾ ലഭ്യമാക്കിയില്ല | 3-4 |
| 22 | എസ്.എസ്.എ.വിഹിതം(എസ്0094/16)-തുക അധികം ചെലവഴിച്ചു | 3-5 |
| 23 | ആശ്രയ ചലഞ്ച് ഫണ്ട് | 3-6 |
| 24 | വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്റ്റ് നംഎസ്.0075/16) -അപാകത | 3-7 |
| 25 | മാലിന്യസംസ്കരണം-അനധികൃതപിരിവ് നടത്തുന്നു | 3-8 |
| | ഭാഗം – 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16<br>(പഞ്ചായത്ത്) | അനുബന്ധം 1 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16<br>(നഗര സഭ) | അനുബന്ധം 2 |

| | | |
|---|---|---|
| 37 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം 3 |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം 4 |
| 39 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം 5 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.2015 തീയതിയിലെ ഒന്നാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 128268325 | 130415673 |
| ധനകാര്യ പത്രിക പ്രകാരം | 49343635 | 71757056 |
| വ്യത്യസം | 78924690 | 58658617 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| പിറവം പഞ്ചായത്ത് | 31.07.2016 | 06.10.2016 | - | - |
| പിറവം നഗരസഭ | 31.07.2016 | 17.10.2016 | - | - |

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 9(1) വകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനുള്ളിൽ (31.07.2016 ന് അകം) അക്കൗണ്ട്സ് ഓഡിറ്റിനായി സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ നഗരസഭയുടെ അക്കൗണ്ട്സ് ചട്ടവിരുദ്ധമായി 17.10.2016 ന് മാത്രമാണ് ഓഡിറ്റിനായി ലഭിച്ചിരിക്കുന്നത്. വാർഷിക ധനകാര്യപത്രിക യഥാസമയം സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു |

അപാകതകൾ .

(i) ചെലവുരേഖയിലെ വ്യത്യാസം

സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റായ (SO101/16) ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നതിനായി യഥാർത്ഥത്തിൽ 10,78,300/-(DD No.574315 തി. 21.10.15) പ്രകാരം ചെലവായിട്ടുണ്ട്. എന്നാൽ ചെലവ്വരേഖയിൽ 21,56,000/-രൂ ചെലവുള്ളതായി കാണുന്നു. വ്യത്യാസം വ്യക്തമാക്കപ്പെടേണ്ടതാണ്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

സാമ്പത്തിക വിശകലനം 1.4.2015 മുതൽ 31.10.2015 വരെ

| | |
|---|---|
| മുന്നിരിപ്പ് | 26506319 |
| വരവ് | 18315715 |
| ആകെ | 44822034 |
| ചെലവ് | 36153900 |
| നീക്കിയിരിപ്പ് | 8668134 |

1.11.2015 മുതൽ 31.3.2016 വരെ

| | |
|---|---|
| മുന്നിരിപ്പ് | 8668134 |
| വരവ് - | 31027920 |
| ആകെ | 39696054 |
| ചെലവ് | 35603156 |
| നീക്കിയിരിപ്പ് | 4092898 |

Total

| | |
|---|---|
| മുന്നിരിപ്പ് | 26506319 |
| വരവ് | 49343635 |
| ആകെ | 75849954 |
| ചെലവ് | 71757056 |
| നീക്കിയിരിപ്പ് | 4092898 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം 1.4.2015 മുതൽ 31.10.2015 വരെ (ACRപ്രകാരം) )

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | Transfer Credit Amount | Surrender Amount /Lapse Amount | വാർഷിക ധന കാര്യ പത്രിക പ്രകാരം വരവ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3332363 | 5679070 5461911 (TC) | 14473344 | 3704230 | | | | 395635 |
| വികസന ഫണ്ട് എസ്. സി.പി. | 544834 | 2433334 | 2978168 | 179556 | | 379834 | | |
| വികസന ഫണ്ട് ടി. എസ്.പി. | 8000 | 16000 | 24000 | - | - | 8000 | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2556266 | 3288000 | 5844266 | 2127855 | - | | | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 325617 | 973333 | 1298950 | 1122223 | | | | 796606 |
| 13-ാം ധന കാര്യ കമ്മീഷൻ ഗ്രാന്റ് | 1835072 | 2025260 | 3860332 | 854362 | | 3005970 | | 2025260 |
| പെർഫോമൻസ് ഗ്രാന്റ് | 3018107 | - | 3018107 | 950000 | | 2068107 | | |
| എം. എൻ. ആർ. ഇ.ജി. എസ്. | 5415 | 3990761 | 3996171 | 3990761 | 5415 | | | |
| ബി ഫണ്ട് | | | | | | | | |

1.11.2015 മുതൽ നഗരസഭയായതിനാൽ നീക്കിയിരിപ്പ് ഉകകൾ 31.10.2015 ന് " 0" ആക്കിയിട്ടുണ്ട്.

<u>1.11.2015 മുതൽ 31.3.2016 വരെ</u>

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | Transfer Credit Amount | Surrender Amount /Lapse Amount | വാർഷിക ധന കാര്യ പത്രിക പ്രകാരം |
|---|---|---|---|---|---|---|---|---|

| | | | | | | | | വരവ് |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 7714913 | 7714913 | 5291659 | | | 2423254 | 5739554 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 4029834 | 4029834 | 837405 | | | 3192429 | 762405 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 32000 | 32000 | | | | 32000 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 9864000 | 9864000 | 8158239 | | | 1705761 | 7594510 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2023394 | 2023394 | 275197 | | | 1748197 | 275197 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4529445 | 4529445 | 2543169 | | | 1986276 | 2118161 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2068107 | 2068107 | 2046701 | | | 22036 | 2046071 |
| എം.എൻ.ആർ.ഇ.ജി.എസ്. | | | | | | | | |
| ബി ഫണ്ട് | 0 | 37032103 | 37032103 | 37032103 | | | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 70956409 | 90 | 34663489 | 76 | 17 | 49.18 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 79 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 90,88,808 | 72,08,168 | 18,80,640 | (+)20.69% |
| നികുതിയേതര വരവുകൾ | 4,90,76,911 | 70,54,129 | 4,20,22,782 | (-)85.6% |
| മറ്റുവരവുകൾ | 1,60,501 | 2,74,639 | 1,14,138 | (+)71.11% |
| ആകെ വരവുകൾ | 5,83,26,220 | 1,45,36,929 | 4,37,89,298 | (-)79.14% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102240 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 1764360 | 168 |
| വിധവാപെൻഷൻ | 1181160 | 1025 |
| വാർദ്ധക്യകാലപെൻഷൻ | 19812330 | 2169 |
| വികലാംഗപെൻഷൻ | 2837215 | 229 |
| വിവാഹ ധനസഹായം | 90000 | 3 |
| 50വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 938320 | 71 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34,896/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്ററുകളുടെ പരിപാലനം

i)വസ്തു നികുതി രജിസ്ററർ
ചട്ടങ്ങൾക്കനുസൃതമല്ല വസ്തുനികുതി രജിസ്റ്റർസൂക്ഷിച്ചിട്ടുള്ളത്.
ii)ബിൽ രജിസ്റ്റർ അപൂർണ്ണമാണ്
ii) മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.15 | 01.09.2015 മുതൽ 30.09.2015 വരെ | 24.02.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2006 | 1997-98 മുതൽ 2004-05 വരെ | 23.03.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പിറവം ഗ്രാമപഞ്ചായത്ത് -സിവിൽ സപ്ലൈസ് കോർപ്പറേഷൻ - സബർബൻ മാൾ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ (ഫയൽ നം.A3/1284/13)

I) വസ്തുകൈമാറ്റത്തിലെ അപാകത

പിറവം ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) സിവിൽ സപ്ലൈസ് കോർപ്പറേഷന് സൌജന്യമായി വിട്ടുനല്കിയ സ്ഥലത്ത് സബ്-അർബൻ മാൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സർക്കാർ ജി.ഒ നം.2951/2013/LSGD തീയതി.02.12.2013 നമ്പരായി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം പിറവം ഗ്രാമപഞ്ചായത്ത് വക ഹാൾ സ്ഥിതി ചെയ്യുന്ന പിറവം വില്ലേജ് സർവ്വേ 596/6/2 , 597/1/14 എന്നീ നമ്പരുകളിൽപ്പെട്ട 36 സെന്റ് സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് വിട്ടുകൊടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ അതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർമ്മിക്കുന്ന ഏഴ് നില കെട്ടിടത്തിലെ ഗ്രൌണ്ട് ഫ്ളോറും കോൺക്രീറ്റും, എക്കോ പ്രൂഫും, ഫർണിഷിംഗും ചെയ്ത റൂഫ് ടോപ്പും (അഞ്ചാം നില) നിരപ്പിന് താഴെയുള്ള രണ്ട് നിലകളുടെ പകുതി ഭാഗം വീതവും പിറവം ഗ്രാമപഞ്ചായത്തിന് ഉടമസ്ഥത ലഭിക്കുന്നതാണ്. ഈ വസ്തു കൈമാറ്റ നടത്തിപ്പിൽ താഴെപ്പറയുന്ന രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

1) മുനിസിപ്പാലിറ്റിയുടെ കൈവശാവകാശത്തിലുള്ള വസ്തുവകളുടെ പൂർണ്ണവിവരങ്ങളടങ്ങിയ വസ്തുവിവര പട്ടിക ( കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 211(1) പ്രകാരമുള്ളത് ) ഹാജരാക്കിയില്ല.

2) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 36 സെന്റ് കൂടാതെ 9 സെന്റ് സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലീസിന് നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്. ടി നടപടിക്ക് സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഹാജരാക്കിയില്ല.

3) 9 സെന്റ് സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലീസിന് നല്കിയതിന്റെ എഗ്രിമെന്റ് ഹാജരാക്കിയില്ല.

4)ഈ വസ്തു കൈമാറ്റ ഇടപാടിലൂടെ ലഭിക്കുന്ന ലാഭവിഹിതത്തിന്റെ അവകാശം നഗരസഭയ്ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയതിന്റെ വിശദാംശം ഹാജരാക്കിയില്ല.

II)എഫ്.എ.ആർ അധിക നിരക്ക് ഈടാക്കിയതിൽ കുറവ്, നഷ്ടം - 23,08,830 /-രൂപ (ഫയൽ നം A2-8907/14)

സ.ഉ.(സാ.ധാ)നം.2951/2013/ത.സ്വ.ഭ.വ , തീയതി 02.12.2013 നം ഉത്തരവ് പ്രകാരം 596/6/2, 597/1/4 എന്നീ നമ്പരുകളിൽപ്പെട്ട 36 സെന്റ് സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാൻ പിറവം പഞ്ചായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.

ഈ സ്ഥലത്ത് സബർബൻ മാൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പെർമിറ്റിനായി സപ്ലൈക്കോ എം.ഡി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.(നം.8907, തീയതി.18.12.2014). ഗ്രൂപ്പ് f1 വിഭാഗത്തിൽപ്പെടുന്ന ഈ കെട്ടിടത്തിന്റെ പ്ലാനിൽ പ്ലോട്ട് ഏരിയ ആയി 43.45 സെന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്ലോട്ട് ഏരിയ ആയി പരിഗണിച്ച് കണക്കാക്കിയിട്ടുള്ള F.A.R 2.5 ആണ്. യഥാർത്ഥത്തിൽ 36 സെന്റ് മാത്രമാണ് സർക്കാർ ഉത്തരവ് പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുള്ളത്. യഥാർത്ഥ പ്ലോട്ട് ഏരിയ ആയ 36 സെന്റ് അടിസ്ഥാനപ്പെടുത്തി F.A.R നിർണ്ണയിക്കുമ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ട F.A.R അധിക നിരക്ക് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം | A5-8907/15 , 03.10.15 |
| ഈടാക്കിയ പെർമിറ്റ് ഫീസ് (സ്ക്വ.ഫീറ്റിന് 7രൂ. പ്രകാരം)/ അപേക്ഷ ഫീസ് / രസീത് നം., തീയതി | 42875രൂ. / 20രൂ. / 11510500055 / 03.10.15 |

| | |
|---|---|
| ഉടമയുടെ പേര് | മാനേജിംഗ് ഡയറക്ടർ സപ്ലൈക്കോ ഗാന്ധിനഗർ കൊച്ചി |
| കെട്ടിടം പണിയുന്ന വസ്തുവിന്റെ സർവ്വെ നമ്പർ , വിസ്തീർണ്ണം | 597/1/4 , 36 സെന്റ് =1456 m2 |
| പ്ലിന്ത് ഏരിയ | 6124 m2 |
| FAR ഏരിയ | 4409.61 m2 |
| അനുവദനീയമായ FAR | 2.5 |
| അധിക ഫീസില്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണം | 3640 m2 |
| സ്ക്വ.മീറ്ററിന് 3000രൂപ നിരക്കിൽ അധിക ഫീസ് ഈടാക്കേണ്ട തറവിസ്തീർണ്ണം | 769.61 |
| ഈടാക്കേണ്ട എഫ് എ ആർ അധിക നിരക്ക് | 23,08,830 |
| ഈടാക്കിയ അധിക ഫീസ് | 0 |
| കുറവ് | 23,08,830 രൂപ |

എഫ് എ ആർ അധിക നിരക്ക് 23,08,830/- രൂപ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

III) ലാൻഡ് ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയിട്ടില്ല

മേൽ സൂചിപ്പിച്ച വിവരങ്ങൾ (II) പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന് ബഹുനില കെട്ടിട നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പ് , എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ നടപടിക്രമങ്ങൾ 404/14-15/DOE/5995/E2/14 ാം നമ്പർ പ്രകാരം പിറവം പഞ്ചായത്ത് സപ്ലൈക്കോയ്ക്ക് നൽകിയിട്ടുള്ള 36 സെന്റ് (സർവ്വെ നമ്പർ 597/1/4) സ്ഥലത്ത് 2300 ക്യുബിക് മീറ്റർ മണ്ണ് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൈലിംഗ് നടത്തിയിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുഴയുടെ തീരത്ത് ബഹുനില കെട്ടിടം നിർമിക്കുന്നതിനായി വിവിധ രീതിയിൽ ഭൂമി വികസനം നടത്തിയിട്ടുണ്ടെങ്കിലും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ II പ്രകാരം ഈടാക്കാവുന്ന ലാൻഡ് ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയിട്ടില്ല.36 സെന്റ് (14.57 ആർ) സ്ഥലത്താണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബഹുനില കെട്ടിടം പണി നടക്കുന്നത് മേൽ ചട്ടപ്രകാരം ഒരു ആർ ഭൂമിക്ക് 500/- രൂപ നിരക്കിൽ 14.57 ആർ ന് 7285/- രൂപ ലാൻഡ് ഡെവലപ്പ്മെന്റ് ഫീസായി കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

IV) മേൽപ്പറഞ്ഞ കെട്ടിട നിർമ്മാണത്തിന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മണൽ വിപണനം

പിറവം ഗ്രാമപഞ്ചായത്തിൽ 4 മണൽ കടവുകളാണ് ഉണ്ടായിരുന്നത്. 2015-16 വർഷം ഏപ്രിൽ , മെയ് മാസങ്ങളിൽ മണൽ വിപണനം നടത്തിയിരുന്നു. ദിവസം പരമാവധി 60 ലോഡ് മണൽ വാരുന്നതിനാണ് അംഗീകാരമുള്ളത്. 15.1.2015 മുതൽ ഓൺ ലൈൻ മണൽ പ്പാസ്സ് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതുപ്രകാരം ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളും കളക്ടേറ്റും കടവുള്ള പഞ്ചായത്ത് ഓഫീസുകളും ബുക്കിംഗ് കേന്ദ്രങ്ങളാണ്.

താലൂക്ക് ഓഫീസുകളിൽ നിന്നും കളക്ടേറ്റിൽ നിന്നും ഇ-സാന്റ് സംവിധാനം വഴി ഗുണഭോക്താക്കൾക്ക് 5/2015വരെ നൽകിയ 350 ലോഡ് മണൽപാസ്സുകളിൽ നിന്നും ലോഡിന് 5455/-രൂ നിരക്കിൽ 19,09,250/-രൂ പിറവം ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുണ്ട്. എന്നാൽ രജിസ്റ്ററുകൾ പ്രകാരം 7,66,846/-രൂ RMF തുകയായി നല്കുവാനുണ്ട്. ടി തുക കഴിച്ച് ബാക്കി തുക രൂ.11,42,404/- ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ 2014-15 വർഷം വരെ താഴെ

പറയും പ്രകാരം 26,05,245/- രൂപ RMF ലേയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഹാജരാക്കേണ്ടതാണ്

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | TC | 19.1.15 | 2,59,615 |
| 2 | 721144 | 2.2.15 | 7,42,755 |
| 3 | 721149 | 13.2.15 | 5,10,150 |
| 4 | 721152 | 18.3.15 | 10,92,625 |
| | ആകെ | | 26,05,245 |

# 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

നഗരഭയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2015-16 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്യുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിൻറെ പേര് | കെട്ടിട നം. | ഈടാക്കേണ്ടിയിരുന്ന നികുതി (അസസ്സ്മെൻറ് രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 1 | ബി എസ് എൻ എൽ. ടെലികമ്മ്യൂണിക്കേഷൻ | 5/836 A | നികുതി ഒഴിവാക്കിയിരിക്കുന്നു |
| 2 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 8/510B | 342 |
| 3 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 7/367H | 342 |
| 4 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 7/359E | 568 |
| | ആകെ | | 1252 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-09-2012 തീയതിലെ 2640/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബി എസ് എൻ എൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ നഗരസഭ പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 ജീവനക്കാരുടെയും , സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്

പിറവം നഗരസഭയിൽ 2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയും, സ്ഥാപന നികുതിയും ഈടാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥൻ | സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി/ രസീത് നം. | കുറവ് |
|---|---|---|---|---|---|---|
| 1 | എ ജി രാജേഷ് കുമാർ | പിറവം നഗരസഭ | 130366 | 1250 | 1000/- 11510102801 തി. 28/09/15 | 250 |
| 2 | ശോഭൻ ജോർജ് പോൾ | എം കെ എം ഹൈസ്കൂൾ | 127130 | 1250 | 1000/- 1510102127 തീ. | 250 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 18/08/15 | |
| 3 | കുമുദ കുമാരി | കെ എസ് ഇ ബി. പിറവം | 76572 | 750 | 600/- 11510500019 തീ.10/08/15 | 150 |
| | ആകെ | | | | | 650 |

2) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പിറവം റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 2 | ശ്രീ ഗോകുലം ചിട്ട് ഓഫ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 3 | ബി. ഡി. ഒ. ഓഫീസ് പാമ്പാക്കുട (വി ഇ ഒ ) | രണ്ടാം അർദ്ധവർഷം |

3) 2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ടിയിരുന്ന നികുതി (രണ്ട് അർദ്ധ വർഷം ഉൾപ്പെടെ) |
|---|---|---|
| 1 | പിറവം റൂറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | 2500 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് | 2500 |
| 3 | മുത്തൂറ്റ് എസ്റ്റേറ്റ് | 2500 |
| 4 | പോപ്പുലർ മോട്ടോർ വേൾഡ് | 2500 |
| 5 | ഐ. സി ഐ സി ഐ ബാങ്ക് | 2500 |
| | ആകെ | 12,500 |

മേൽ സൂചിപ്പിച്ച പ്രകാരം തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും , സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 സബർബൻ മാളിന്റെ വസ്തുനികുതി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം- നഗരസഭയുടെ തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്നു

സിവിൽ സപ്ലൈസ് കോർപ്പറേഷന് വിട്ടു നൽകിയ സ്ഥലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർമിക്കുന്ന സബർബൻ മാളിൽ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലത്തെ കെട്ടിട നികുതി സിവിൽ സപ്ലൈസ് കോർപ്പറേഷന് ഒഴിവാക്കുന്നത് സംബന്ധിച്ച് അഭിപ്രായം കത്ത് മുഖേന പ്രിൻസിപ്പൽ സെക്രട്ടറി ചോദിച്ചിരുന്നു (നം.69354/ആർ.സി.4/2014 ത.സ്വ.ഭ.വ , തീയതി 08.12.14). 07.01.2015 ലെ തീരുമാനം 5 പ്രകാരം മേല്പറഞ്ഞ സബർബൻ മാളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉപയോഗിക്കുന്ന നിലകളിലെ കെട്ടിട നികുതി ഒഴിവാക്കുന്നതിന് അനുവദിച്ചുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സെക്രട്ടറി സർക്കാരിലേക്ക് അറിയിച്ചിട്ടുണ്ട് (കത്ത് നം.എ2.8968/14, തീ.29.12.14) . മിനിട്ട്സിലെ രേഖപ്പെടുത്തലുകൾ പ്രകാരം 3803.32 സ്ക്വയർ മീറ്ററാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് അർഹമായിട്ടുള്ള കെട്ടിട വിസ്തീർണ്ണം. ഇതിന് ലഭിക്കുന്ന വസ്തുനികുതി 4,25,796/- രൂപയാണ്. ഇതിൽ എത്ര ഏരിയ ആണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉപയോഗിക്കുന്നതെന്നും , വാടകയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭ 2015-16 ൽ ലോൺ ഇനത്തിൽ 50 ലക്ഷം രൂപയോളം ലോൺ ഇനത്തിൽ തിരിച്ചടക്കുന്നുണ്ട്. വസ്തുനികുതി , മണൽ

വിപണനം എന്നിവയിൽ നിന്നുള്ള വരുമാനം കുറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള വാണിജ്യ സംരംഭത്തിന് നികുതിയിളവ് നൽകുന്നത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം നഗരസഭ കൗൺസിൽ പുന:പരിശോധിക്കേണ്ടതാണ്.

## 2-6 രസീത് ബുക്കുകൾ ചട്ടപ്രകാരം സൂക്ഷിക്കുന്നില്ല

മാനുവൽ രസീത് ഉപയോഗിക്കുന്നതിലും , വിതരണം ചെയ്യുന്നതിലും 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് നിയമങ്ങൾ പാലിക്കുന്നില്ല.
1) ചട്ടം 75 പ്രകാരം രസീത് ബുക്കിലെ പേജുകളുടെ എണ്ണം സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യ പ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടില്ലാത്ത രസീതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രസീത് ബുക്ക് നം | എണ്ണം |
|---|---|
| 33892 മുതൽ 33893 വരെ | 2 |
| 13720 മുതൽ 13721വരെ | 2 |
| 1 മുതൽ 36 വരെ | 36 |

രസീതുകൾ നൽകുമ്പോൾ മേൽപ്പറഞ്ഞ ചട്ടം പാലിക്കേണ്ടതാണ്.
2) ചട്ടം 11 പ്രകാരം തിരുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ റദ്ദ് ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. റദ്ദ് ചെയ്യുന്ന എല്ലാ രസീതുകളും കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
3) സെക്രട്ടറിയുടെ ഒപ്പ് , ഓഫീസ് മുദ്ര എന്നിവ ഇല്ലാത്ത മാനുവൽ രസീതുകളും, സാംഖ്യ രസീതുകളുമാണ് നഗരസഭയിൽ നിന്ന് നിലവിൽ വിതരണം ചെയ്യുന്നത്. നഗരസഭ നൽകുന്ന എല്ലാ രസീതുകളിലും സെക്രട്ടറിയുടെ ഒപ്പ് , ഓഫീസ് മുദ്ര എന്നിവ പതിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പണികൾ-പൂർത്തീകരണകാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല

പി.ഡബ്ല്യൂ.ഡി മാനുവൽ 2112-1 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടതും പ്രവൃത്തി കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതുമാണ്. പൂർത്തീകരണത്തിനായി യഥാർഥത്തിൽ അനുവദിച്ചിട്ടുള്ളതിന്റെ 25%-ത്തിൽ കൂടുതൽ സമയം അല്ലെങ്കിൽ 6മാസം (ഇതിൽ ഏതാണോ കുറവ്) മാത്രമേ ഒറ്റത്തവണ നൽകുവാൻ പാടുള്ളൂ.പരമാവധി ദീർഘിപ്പിക്കാവുന്ന സമയം പൂർത്തീകരണത്തിനായി യഥാർഥത്തിൽ അനുവദിച്ചിട്ടുള്ളതിന്റെ 50%-ത്തിൽ കൂടുതൽഅധികരിക്കുവാൻ പാടില്ല.
എന്നാൽ പിറവം നഗരസഭയിൽ2015-16 വർഷത്തിൽ താഴെപ്പറയുന്ന ഏതാനും മരാമത്ത് വേലകൾക്ക് ഈ വ്യവസ്ഥകൾ പാലിച്ചതായോ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായോ കാണുന്നില്ല. അനുവദിച്ചിട്ടുള്ള ഗ്രേസ് പീരീയഡിനു ശേഷമുള്ള മൂന്ന് മാസത്തേക്ക് പി.എ.സിയുടെ 1% തുടർന്നുള്ള ഓരോ മൂന്ന് മാസങ്ങൾക്കും പി.എ.സിയുടെ 2% വീതവും കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് /നം | കരാറുകാരൻ/ അനുവദിച്ച തുക/ഡി.ഡി. നം | കാലാവധി | പൂർത്തീ കരിച്ച തീയതി | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | കുന്നംപുറം ഇമ്പ എൽ.പ.സ്കൂൾ റോഡ് ടാറിംഗ് (എസ്.0191/16)(എം.ബുക്ക് നം.4/15-16 ) | സി.എസ്.രാജു 72191/- 575814/ 26.2.2016 | 31.3.15 മുതൽ മൂന്ന് മാസം | 3.3.2016 | 11138 |

| | | | | | |
|---|---|---|---|---|---|
| | പി.എ.സി-280000 | | | | |
| 2 | കുട്ടികളുടെ പാർക്കിന് ടോയ് ലറ്റ് (എസ്.0005/16) പി.എ.സി-500000 | കെ.കെ. പൌലോസ് 447345/- 575807/ 26.2.2016 | 31.12.2014 മുതൽ 3മാസം | 20.11.2015 | 18555 |
| 3 | കൈപ്പനാൽപ്പടി ഫാം റോഡ്(എസ്.0097/16) പി.എ.സി- 250000/-(എസ്.0097/16) | കുര്യാക്കോസ് വർഗീസ് 234400/- 574030/ 22.9.2015 | 6.11.2014 മുതൽ 3മാസം | 31.8.2015 | 7889 |
| 4 | മുള്ളൻകുഴി കൊള്ളിക്കൽ റോഡ്(എസ്.0044/16) പി.എ.സി-3088000/- | വി.എ.ജോർജ് 246470/- 576782/ 31.3.2016 | 25.8.2015 മുതൽ 3മാസം | 9.3.2016 | 2950 |
| | | | | | 40532 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6) മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഈയിനത്തിലെ നഷ്ടമായ 40532/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പശ്ചിമഘട്ട വികസന പദ്ധതി

| | |
|---|---|
| പ്രൊജക്ട് നമ്പർ | എസ് 118/2015-16 |
| പദ്ധതിയുടെ പേര് | പശ്ചിമഘട്ട വികസന പദ്ധതി- പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 145625/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ആകെ 145625/- |
| ചെലവ് | 1,45,625- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നമ്പർ | 8/2015-ഉക 145625/- ( കൃഷി ഭവൻ) /18.03.2016 |

പിറവം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്ന കക്കാട് സംയോജിത നീർത്തട പദ്ധതി നടത്തിപ്പിനായി പശ്ചിമഘട്ട വികസന സമിതി വിഹിതം , ഗുണഭോക്തൃ വിഹിതം , പഞ്ചായത്ത് വിഹിതം എന്നിവ സ്വരൂപിച്ച് വിവിധ പ്രവർത്തന മേഖലകളിലായി ചെലവഴിക്കുവാൻ ലക്ഷ്യമിടുന്നു . ഈ പദ്ധതി നടപ്പാക്കുന്നതിനായി "സമൃദ്ധി മൂവാറ്റുപുഴ" എന്ന എൻ.ജി.ഒ യെ ഗ്രാമപഞ്ചായത്തിന്റെ 04.07.2013 ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം തിരഞ്ഞെടുത്തിട്ടുണ്ട്. നീർത്തട കമ്മിറ്റി കൺവീനറായ കൃഷി ഓഫീസർ എല്ലാ മാസവും പശ്ചിമഘട്ട വികസന ഫണ്ടിന്റെ ഒരു വിനിയോഗ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ ഹാജരാക്കേണ്ടതും, പഞ്ചായത്ത് ഇത് ജില്ലാ പ്ലാനിംഗ് ഓഫീസർക്കും , സർക്കാരിനും അയച്ചുനൽകേണ്ടതുമാണ്.
ഈ പദ്ധതിയുടെ നടത്തിപ്പ് രേഖകൾ പരിശോധനയ്ക്കായി
1) വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
2) പദ്ധതിയിലേക്ക് നൽകിയ വിഹിതത്തിന്റെ കൃത്യമായ ചെലവ് രേഖകളും, പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ നല്കിയ തുക 1,45,625- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ചു

| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ് ഗവ.യു.പി.സ്കൂൾ കളമ്പൂർ |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ്.0140/16 |
| പദ്ധതിയുടെ പേര് | അവധിക്കാല കായിക നീന്തൽ പരിശീലനം |
| അടങ്കൽ | 1,00,492 |
| ചെലവ് | 88000 |

2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ അവധിക്കാല കായിക നീന്തൽ പരിശീലനം എന്ന പ്രോജക്റ്റിന്റെ ചെലവുകൾക്കായി തൻവർഷവും തനത് ഫണ്ടിൽ നിന്നും 1,00,492 രൂപ വകയിരുത്തിയിട്ടുണ്ട്. കളമ്പൂർ ഗവ.യു.പി.എസ് ഹെഡ് മിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ ഈ പദ്ധതി 16.11.2013 ലെ ജി.ഒ.എം.എസ് 362/2013 ലെ 12-ാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് നടപ്പാക്കിയിരിക്കുന്നത്. മാർഗ്ഗരേഖയിലില്ലാത്ത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ നിരീക്ഷണം നടത്തിയിട്ടുണ്ടെങ്കിലും, തൻവർഷവും സർക്കാർ അനുമതിയില്ലാതെ പ്രോജക്റ്റിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ചെക്ക് നം. | തുക |
|---|---|---|
| 11പരിശീലകർക്കുള്ള വേതനം | 293673/ 6.7.15 | 88000/- (11 x 8000) |

ഈ പ്രോജക്റ്റ് സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ, ചെലവ് തുകയായ88000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 സ്വാതന്ത്ര്യദിനാഘോഷവും അവാർഡ്ദാനവും(എസ്0095/16)-ചെലവുരേഖകൾ ലഭ്യമാക്കിയില്ല

ഈ പ്രോജക്റ്റിനായി 67435/-രൂപ(ചെക്ക്നം.296352 മുതൽ 296386വരെ/13.8.15) ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ 29400/- രൂപ ചെലവഴിച്ചിരിക്കുന്നത് സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ചുള്ള റിഫ്രഷ്മെന്റ് ചെലവുകൾക്കായി സോന കാറ്ററിംഗിന് നൽകിയതാണ് (ചെക്ക്നം.296608/24.8.2015). ബാക്കി തുകയായ 38035/-രൂപ ഏതെല്ലാം ഇനങ്ങൾക്കായാണ് ചെലവു ചെയ്തതെന്നുള്ള വിവരങ്ങളും ആയതിന് ഉപോൽബലകമായ രേഖകളും ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ലഭ്യമാക്കിയ മറുപടിയിൽ പിന്നീട് ഹാജരാക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്.ആയതിനാൽ 38035/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ.വിഹിതം(എസ്0094/16)-തുക അധികം ചെലവഴിച്ചു

എസ്.എസ്.എ.ജില്ലാ പ്രോജക്റ്റ് ഓഫീസറിൽ നിന്നും ലഭ്യമായ വിനിയോഗസാക്ഷ്യപത്രത്തിൽ നഗരസഭപരിധിയിലുള്ള സ്കൂളുകൾക്കായി 2015-16 വർഷത്തിൽ 2490323/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന്റെ 35% -ആയ 871613/-രൂപ മാത്രമാണ് എസ്.എസ്.എ. വിഹിതമായി ചെലവഴിക്കാവുന്നത്.എന്നാൽ ആയതിനു വിരുദ്ധമായി 900000/- രൂപയാണ്(ബിൽ നം.1/2015-16/29.3.2016) ചെലവഴിച്ചിരിക്കുന്നത്.അധികമായി 28387/-രൂപ ചെലവഴിച്ചിരിക്കുന്നു.ഈ തുക എസ്.എസ്.എജില്ലാ പ്രോജക്റ്റ് ഓഫീസറിൽ നിന്നും തിരികെ ഈടാക്കുകയോ തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 ആശ്രയ ചലഞ്ച് ഫണ്ട്

ആശ്രയ ചലഞ്ച് ഫണ്ടായി 24.8.2015 /296609 ചെക് മുഖേന 378157/- രൂ കുടുംബശ്രീ മെംബർ സെക്രട്ടറിയ്ക്ക് നല്കിയിട്ടുണ്ട്. ഇതിൽ 85418/- ചെലവായിട്ടുള്ളൂ . ബാക്കിയുള്ള തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലെങ്കിൽ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-7 വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം.എസ്.0075/16)-അപാകത

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2015-16-ൽ നടപ്പിലാക്കിയ, വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 300000/-രൂപ (ബിൽനം. 9/19.3.16) ചെലവഴിച്ചിട്ടുണ്ട്.ഈ തുകയിൽ 127886/-രൂപ സ്കൂട്ടർ വിത്ത് സൈഡ് വീൽ (2എണ്ണം) വാങ്ങുന്നതിനായി ഇരുമ്പനം മെലഡി ഓട്ടോമൊബൈൽസിൽസിനും 172114/-രൂപ മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി വികലാംഗക്ഷേമകോർപ്പറേനിലേക്കും നൽകിയിട്ടുണ്ട്. 16.11.2013-ലെ (സ.ഉ.(എം.എസ്). 362/13 ഖ. 5.4(5) പ്രകാരം താലൂക്ക് /ജില്ലാ ആശുപത്രികളിൽ നിന്നോ DDRC, മെഡിക്കൽ കോളേജ്, സാമൂഹ്യ സുരക്ഷാ മിഷൻ, എന്നിവിടങ്ങളിൽ നിന്നോ ഉള്ള വിദഗ്ധരായ ഡോക്ടർമാരെയാണ് ക്യാമ്പ് നടത്തുന്നതിനായി ചുമതലപ്പെടുത്താവുന്നത്.അതിന് വിരുദ്ധമായി വികലാംഗ ക്ഷേമ കോർപ്പറേഷനാണ് ക്യാമ്പ് നടത്തിയിട്ടുള്ളത്. മേൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-8 മാലിന്യസംസ്കരണം-അനധികൃതപിരിവ് നടത്തുന്നു

മാലിന്യം ശേഖരിച്ച് സംസ്കരണത്തിനായി പിറവം നഗരസഭയിലെ വ്യാപാരസ്ഥാനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും 2013-14 വർഷം നഗരസഭയുടെ പേരിൽ തുക പിരിവ് നടത്തിയിട്ടുള്ളതായി നഗരസഭ കൌൺസിലിന്റെ 21.1.2016-ലെ 39(4) നമ്പർ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.ഈ പിരിവ് തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ നഗരസഭയുടെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല ഇക്കാര്യത്തിൽ താഴെ പറയുന്ന രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല

1.പിരിവ് തുകയുടെ വരവ്-ചെലവ് കണക്കുകൾ,രസീതുകൾ

2.ഇപ്രകാരം പിരിവ് നടത്തിയ തുക നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതു സംബന്ധിച്ച വിശദീകരണം

3.നഗരസഭയുടെ രസീതുപയോഗിക്കാതെ സമാന്തരപിരിവ് നടത്തിയതിന്മേൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം .

.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ഫണ്ട് ലഭിച്ചില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | 1)സ.ഉ (സാ.നം) 1275/2012 ത സ്വ ഭ വ (ഡി.ബി) വകുപ്പ് 4.5.12 2)സ.ഉ (സാ.നം) 1890/2008 ത സ്വ ഭ വ (ഡി.ബി)വകുപ്പ് 13.7.2008 | 20859296 | 10580876 | 2979912 | 1051603 | 7600964 |
| EMS | 1)486/2010 dt.11.2.10 2)56637/DB /1/13/13.9.13 | 13507500 6600000 | 6753750 5940000 | 1350750 660000 | | 5403000 5280000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 24000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | - |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Equity share | 21000 |
| bank | 3000 |
| ആകെ | 24000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28419/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-1 (1) | 3000 | KT VARGHEESE | 11510101801 /23.7.15 |

| | | | | |
|---|---|---|---|---|
| 2012-13 | 2-1(1) | 200 | BIJOY NELLOR | “ 809/23.7.15 |
| 2013-14 | 2-1 (1) | 3500 | KT VARGHEESE | “ 801/23.7.15 |
| 2013-14 | 2-1 (1) | 200 | BIJOY NELLOR | “ 809/23.7.15 |
| 2012-13 | 2-2 | 1250 | SBT | 11510400005/22.8.15 |
| 2012-13 | 2-2 | 1250 | FEDERAL BANK | “ 13/8.7.15 |
| 2012-13 | 2-2 | 2500 | VIJAYA BANK | “ 14/9.715 |
| 2012-13 | 2-2 | 2500 | LIC | “ 16/20/7/15 |
| 2012-13 | 2-2 | 1250 | MANAPPURAM FINANCE | 11510101701/17.7.15 |
| 2012-13 | 2-2 | 2500 | KOSAMATTOM | “ 1630/14.7.15 |
| 2012-13 | 2-2 | 2500 | ESAF | “ 1882/28.7.15 |
| 2012-13 | 2-2 | 2500 | MUTHOOT | “ 2097/13.8.15 |
| 2013-14 | 2-2 | 2500 | LIC | 1151050016/20.7.15 |
| 2013-14 | 2-2 | 1250 | KSFE | 11510101573/.7.15 |
| 2013-14 | 2-3 | 250 | RAJANI,GOV.UPS | 1586/9.7.15 |
| 2013-14 | 2-3 | 250 | LALI GOV.UPS | “ 1587/9.7.15 |
| 2013-14 | 3-18 | 1019 | KG MURALEEDHARAN | “ 3098/9.10.15 |
| TOTAL | | 28419/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998<br>2000-2001<br>പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5<br>2-13<br>2-15 | 2005-06 | 2.45.1 | വിവിധ പദ്ധതി നടത്തിപ്പിൽ അപാകതകൾ | നില നിൽക്കുന്നു |
| 1997-98<br>2000-2001 | 2-6 | 2005-06 | 2.45.2 | സി.എഫ് വിളക്കിന് സ്ഥാപനച്ചെലവ് | നില നിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| (ഓഡിറ്റ് റിപ്പോർട്ട്) | | | | | |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീ മെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി | നില നിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-14 | 2005-06 | 2.45.5 | സി.എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നില നിൽക്കുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 49343635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71757056 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2329265 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40532 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 271660 |

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (II) | 2308830 | | ശ്രീമതി. നെജ്മുൽനിസ സെക്രട്ടറി |
| 2-1 (III)<br>2-4(1)<br>2-4(iii)<br><br>2-4(iii) | 7285<br>650<br>6250<br><br>6250 | | ശ്രീമതി. നെജ്മുൽനിസ സെക്രട്ടറി<br>"<br>"<br>ശ്രീ.പി.ആർ മോഹൻകുമാർ (അസി. സെക്രട്ടറി- സെക്രട്ടറി ഇൻചാർജ്ജ്) |
| 3-1 | | 2950 | ശ്രീ മാർട്ടിൻ ആന്റണി , അസി .എൻജിനിയർ |
| | | 37582 | ശ്രീ റ്റി പ്പി സാനക്കുട്ടൻ അസി .എൻജിനിയർ |

| | | | |
|---|---|---|---|
| ആകെ | 23,29,265 | 40532 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 145625 | പി പ്രീയദർശിനി ,കൃഷി ഓഫീസർ |
| 3-3 | 88000 | രമാദേവി ,H M |
| 3-4 | 38035 | സിറിയക്ക് ജോൺ, H M |
| ആകെ | 2,71,660 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നെജ്ജുമുൽനിസ സെക്രട്ടറി | വിരമിച്ചു | ശ്രീമതി. നെജ്ജുമുൽനിസ വടക്കേക്കുടി പോഞ്ഞാശ്ശേരി പി .ഓ |
| ശ്രീ.മാർട്ടിൻ ആന്റണി ,അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ , കുട്ടപ്പുഴ , തിരുവല്ല | കൊട്ടുമാലൂർ കോട്ടേജ് , കുട്ടപ്പുഴ , തിരുവല്ല |
| സാനുക്കുട്ടൻ , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ,എൽ.എസ്.ജി.ഡി സെക്ഷൻ , മറയൂർ | തേരക്കൽ , അക്വാറ്റിക് ലെയിൻ , തിരുവമ്പാടി പി ഒ , തൃശ്ശൂർ |
| ശ്രീ.പി.ആർ മോഹൻകുമാർ അസി. സെക്രട്ടറി- (സെക്രട്ടറി ഇൻചാർജ്ജ്) | അസി. സെക്രട്ടറി, (സെക്രട്ടറി ഇൻചാർജ്ജ്) പിറവം നഗരസഭ | ശങ്കരവിലാസം ഇലഞ്ഞി പി ഒ എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |

| | |
|---|---|
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം |

ജോയിന്റ് ഡയറക്ടർ

.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ.ഇകെഎം(എം.1)55/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി: 06.02.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പിറവം ഗ്രാമപഞ്ചായത്തിന്റെ 01.04.2015 മുതൽ 31.10.2015 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിറവം ഗ്രാമപഞ്ചായത്തിന്റെ 01.04.2015 മുതൽ 31.10.2015 വരെയുള്ള വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE

No.KSA.EKM(M.1)55/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 06.02.2017

Certified that I have audited the Annual Financial Statement of Piravom Grama Panchayat in Ernakulam District for the period from 01.04.2015 to 31.10.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Piravom Grama Panchayat for the period from 01.04.2015 to 31.10.2015 except the observations in my audit report properly presents the picture of income and expenditure.

.

Joint Director

# അനുബന്ധം - 2

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ.ഇകെഎം(എം.1)55/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം,
സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ-0484-2422271
email :doekm.ksad@kerala.gov.in

തീയതി: 06.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 , 1997 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295, 4ാം ഉപവകുപ്പ് അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പിറവം നഗരസഭയുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിറവം നഗരസഭയുടെ 01.11.2015 മുതൽ 31.03.2016 വരെയുള്ള വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

. ജോയിന്റ് ഡയറക്ടർ

APPENDIX – II

AUDIT CERTIFICATE

No.KSA.EKM(M.1)55/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484-2422271
email :doekm.ksad@kerala.gov.in

Date : 06.02.2017

Certified that I have audited the Financial Statement of Piravom Municipality in Ernakulam district for the period from 01.11.2015 to 31.03.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 295(4) of Kerala Muicipality Act 1997, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Annual Financial Statements of Piravom Municipality for the period from 01.11.2015 to 31.3.2016 except the observations in my audit report properly presents the picture of income and expenditure.

Joint Director